**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4243** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022 ജനുവരിയിൽ ഹൈദരാബാദിൽ വച്ച് കേരള സർക്കാർ നടത്തിയ ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ തുറന്നു കാട്ടുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2022 ജനുവരിയിൽ തെലങ്കാനയിൽവെച്ച് ഒരു ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നു. ചീഫ് സെക്രട്ടറി അടക്കമുള്ള ഉന്നതോദ്യോഗസ്ഥർ ഇതിൽ പങ്കെടുത്തിരുന്നു. ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും മറ്റു വിശദാംശങ്ങളും സർക്കാർ തലത്തിൽ വിലയിരുത്തിവരുന്നു. |
| (ബി) | ഈ റോഡ് ഷോയിൽ പങ്കെടുത്തിട്ടുള്ള ആന്ധ്രപ്രദേശിൽ നിന്നുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | തെലങ്കാനയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസ്സോസ്സിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. അരൊബിന്ദോ ഫാർമ, ഗ്ലാൻഡ് ഫാർമ, നാട്കോ ഫാർമ, ഹെടെരോ ഡ്രഗ്സ്, ഡോ. റെഡ്ഡീസ് ലബോറട്ടറീസ്, ടാറ്റ കൺസൽട്ടൻസി ലിമിറ്റഡ്, സയൻറ്റ് ലിമിറ്റഡ്, എലികോ ലിമിറ്റഡ്, എമ്മെന്നാർ ഫാർമ, പെന്നാ സിമെന്റസ്, കെയർ ഹോസ്പിറ്റൽ, യശോദ ഹോസ്പിറ്റൽ, ഹാർടെക്സ് റബ്ബർ തുടങ്ങിയ കമ്പനികളുടെ തലവന്മാരും സി.ഐ.ഐ, ക്രെഡായ് തുടങ്ങിയ വ്യവസായ അസ്സോസ്സിയേഷനുകളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. |
| (സി) | പ്രസ്തുത റോഡ് ഷോയിൽ ഏതെങ്കിലും ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ധാരണാ പത്രങ്ങളൊന്നും ഒപ്പുവെയ്ക്കുകയുണ്ടായില്ല. |
| (ഡി) | ഇതിന്റെ നടത്തിപ്പിന് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | 6.54 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ